# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2974. 17-10-2016 – ൽ മറുപടിയ്ക്ക്

### ചെറുകിട കച്ചവടസ്ഥാപനങ്ങളുടെ പ്രവർത്തനം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട കച്ചവടസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ നിയമ ലംഘനം നടത്തുന്നുണ്ടോ എന്ന് സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്. |
| (ബി) | വിലവിവരപട്ടിക പ്രദർശിപ്പിക്കാത്തതും അളവ് തൂക്കങ്ങളിൽ നടത്തുന്ന കൃത്രിമങ്ങളും കണ്ടെത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പൊതുവിപണിയിൽ പരിശോധന നടത്തി വില വിവര പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering Establishment) order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of price and stock) order എന്നിവയും പ്രകാരം ശക്തമായ നടപടി സ്വീകരിച്ച് വരുന്നു. അളവിലും തൂക്കത്തിലും വ്യത്യാസം ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് സംവിധാനം ഉണ്ട്. കേരളത്തിൽ മൂന്നു മേഖലകളിൽ, ഓരോന്നിലും ഓരോ ഡെപ്യൂട്ടി കൺട്രോളർമാരുടെ കീഴിൽ ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരും ഫ്ലയിങ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരും താലൂക്ക് തലത്തിൽ സീനിയർ ഇൻസ്പെക്ടർമാരും, ഇൻസ്പെക്ടർമാരും അളവ് തൂക്ക ഉപകരണങ്ങളുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട കൃത്രിമം തടയുന്നതിനായും ടി ഉപകരണങ്ങൾ യഥാസമയം മുദ്ര പതിപ്പിക്കുന്നതിനായും കാര്യക്ഷമമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. ആയത് മോണിറ്റർ ചെയ്യുന്നതിനായി എല്ലാ മാസവും ബന്ധപ്പെട്ട ഡെപ്യൂട്ടി കൺട്രോളർമാർ റിപ്പോർട്ട് അയക്കുകയും, മേല്പടി റിപ്പോർട്ട് പ്രതിമാസം നടന്നു വരുന്ന നിർവഹണ ഉദ്യോഗസ്ഥരുടെ കോൺഫറൻസിൽ അവലോകനം ചെയ്തും വരുന്നു . |
| **(സി)** | ഇത്തരക്കാർക്കെതിരെ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | **(സി)** | അളവ് തൂക്ക കൃത്രിമങ്ങൾ നടത്തുന്നവർക്കെതിരെ ലീഗൽ മെട്രോളജി വകുപ്പ് തലത്തിൽ കേസ് ഫയൽ ചെയ്തു പിഴ ഈടാക്കി വരുന്നു. എന്നാൽ വകുപ്പ് തലത്തിൽ രാജിയാക്കി പിഴ അടക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുവാൻ മേല്പടി കേസുകൾ കോടതിക്ക് വിടാറുണ്ട്. |

സെക്ഷൻ ഓഫീസർ.